# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 328　　　29.06.2016- ൽ മറുപടിക്ക്**

**"പുതു സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ നടപടി"**

**ചോദ്യം**　　　**ഉത്തരം**

**ശ്രീ.പി.ഉബൈദുള്ള**　　　**ശ്രീ. ഇ.പി.ജയരാജൻ**
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | വ്യവസായിക അന്തരീക്ഷം മികച്ചതാക്കുന്നതിന് വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) | റവന്യൂ, രജിസ്ട്രേഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വേ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിച്ച് ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ തുടർച്ചയായി ചെറുകിട വ്യവസായ മേഖലയിൽ വ്യവസായങ്ങളാരംഭിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പദ്ധതിയിലൂടെ നടപടിക്രമങ്ങൾ ലഘൂകരിക്കും. പുതിയ സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിന് 2016-17 സാമ്പത്തിക വർഷത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് സ്മോൾ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതാണ്. സ്റ്റാർട്ട് അപ്പ് മേഖലയിൽ സാങ്കേതിക വിദ്യ ആർജ്ജിക്കുന്നതിന് സഹായം നൽകും. പരിസ്ഥിതി സൗഹൃദപരമായ ഫാർമസ്യൂട്ടിക്കൽ. ലൈഫ് സയൻസ്, മെഡിക്കൽ എക്യുപ്മെന്റ്സ് തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകാനും ലക്ഷ്യമിടുന്നു. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| ബി) | നൂതന സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | ബി), സി) & ഡി) | ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വേണ്ടി സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം നടപ്പിൽ വരുത്തുന്നതിനുള്ള പഠനങ്ങൾ നടത്തിവരികയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് അനുമതി പത്രങ്ങളും ലൈസൻസുകളും നൽകുന്ന നടപടി എളുപ്പമാക്കാൻ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഏകജാലക ക്ലിയറൻസ് ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഏകജാലക ക്ലിയ റൻസ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | ലൈസൻസുകൾ നൽകുന്ന നടപടി എളുപ്പമാക്കാൻ ലൈസൻസിംഗ് ഏജൻസികളെ സംയോജിപ്പിച്ച് ഒരൊറ്റ ഫോറത്തിൽ കൊണ്ടുവരുന്ന കാര്യം പരിഗണിക്കുമോ; | | |
| ഡി) | നിലവിലുള്ള ഏകജാലക സംവിധാനം പരിഷ്കരിച്ച് കൂടുതൽ അധികാരങ്ങൾ നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**